# Telephone conversation between Prime Minister and PM of Kuwait

April 01, 2020

## പ്രധാന മന്ത്രിയും കുവൈറ്റ് പ്രധാന മന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

**ഏപ്രിൽ 01, 2020**

പ്രധാനമന്ത്രി ഇന്ന് കുവൈറ്റ് പ്രധാനമന്ത്രി സാഹബ് അൽ ഖാലിദ് അൽ ഹമദ് അൽ സബഹുമായി ടെലഫോൺ സംഭാഷണം നടത്തി.

കുവൈറ്റി ആമിറിനും, രാജകുടുംബത്തിനും, കുവൈറ്റ് ജനതയ്ക്കും മികച്ച ആരോഗ്യത്തിനായി പ്രധാനമന്ത്രി ആശംസകൾ നേർന്നു. ഇന്ത്യ കുവൈറ്റുമായുള്ള ബന്ധത്തിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടി കാണിച്ചു, കുവൈറ്റ് അയല്രാജ്യങ്ങളിലെ മൂല്യവത്തായ ഒരംഗമാണെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ്-19 പകർച്ച വ്യാധിയുടെ ആഭ്യന്തര അന്താരാഷ്ട്ര വസ്തുതകളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. നിലവിലെ ആരോഗ്യ പ്രതിസന്ധി ഘട്ടത്തിൽ വിവരങ്ങൾ കൈമാറുന്നതിനും സഹകരണത്തിനും പരസ്പര പിന്തുണയ്ക്കുമുള്ള വേദികൾ കണ്ടെത്തുന്നതിനും ഉദ്യോഗസ്ഥർ തമ്മിൽ സ്ഥിരമായ സമ്പർക്കം പുലർത്തുമെന്നു അവർ സമ്മതിച്ചു.

കുവൈറ്റിൽ താമസിക്കുന്ന ഇന്ത്യൻ ജനതയുടെ സംഭാവനതങ്ങൾ വിലമതിക്കുന്നതായും നിലവിലെ സാഹചര്യത്തിൽ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നത് തുടരുമെന്നും കുവൈത്തി പ്രധാനമന്ത്രി പറഞ്ഞു. ഇത്തരമൊരു ഉറപ്പു നൽകിയതിന് പ്രധാനമന്ത്രി നന്ദി പ്രകടിപ്പിച്ചു.

**ന്യൂ ഡൽഹി**
**01 ഏപ്രിൽ , 2020**

**DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**